## പതിമൂന്നാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3297** **14-07-2015 ലെ മറുപടിയ്ക്ക്**

### <u>കാരുണ്യ ചികിത്സാ സഹായം</u>

| | ചോദ്യം<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ: | | മറുപടി<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | കാരുണ്യ ബെനവലന്റ് സ്കീം അനുസരിച്ചുള്ള ചികിത്സാ സഹായം ലഭിക്കുന്നതിന്, അടിയന്തിര ശസ്ത്രക്രിയകളും ചികിത്സയ്ക്കും ശേഷം, വൈകി ലഭിച്ച അപേക്ഷകളിൽ അനുകൂലമായ തീരുമാനം കൈക്കൊള്ളുവാൻ നടപടി എടുക്കുമോ? | (എ) | അടിയന്തിര ഘട്ടങ്ങളിൽ അപേക്ഷ നല്കുന്നതിനു മുൻപ് സർക്കാർ ആശുപത്രികളിൽ സർജറിക്ക് വിധേയരാകേണ്ടി വരുന്ന ഗുണഭോക്താക്കൾ സർജറി കഴിഞ്ഞ് 72 മണിക്കൂറിനുള്ളിൽ ബന്ധപ്പെട്ട ജില്ലാ ഭാഗ്യക്കുറി ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചാലും ധനസഹായത്തിനായി പരിഗണിക്കുന്നതാണ്. അടിയന്തിര ശസ്ത്രക്രിയക്കും, ചികിത്സയ്ക്കും ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അടുത്ത സംസ്ഥാനതല കമ്മറ്റിയിൽ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം കാരുണ്യ ബെനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്റർക്ക് നൽകുന്നു. അഡ്മിനിസ്ട്രേറ്റർ അപേക്ഷയുടെ പ്രാഥമിക പരിശോധന നടത്തിയതിനുശേഷം അപേക്ഷകൾ ഡോക്ടർമാർ ഉൾപ്പെട്ട ഒരു സബ്കമ്മിറ്റിയെക്കൊണ്ട് പരിശോധിപ്പിച്ച് സംസ്ഥാനതല കമ്മിറ്റിയ്ക്ക് സമർപ്പിക്കുന്നു. ഡോക്ടർമാരുടെ ശുപാർശയിന്മേൽ ഉചിതമായ തീരുമാനം സംസ്ഥാനതല കമ്മിറ്റി കൈക്കൊള്ളുന്നു. |

Jayesh

സെക്ഷൻ ഓഫീസർ.